# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 964 — 01.03.2017 -ലെ മറുപടി

## ഭാരതപ്പുഴയുടെ വലതുകര ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നതിന് സമർപ്പിച്ച നിവേദനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പേരശ്ശനൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗവും ചെങ്ങനക്കടവ് പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകരയും സ്ഥിരമായി ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ നൽകിയ നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) 1034/എം(ഡബ്ല്യു.ആർ)/16, 1044/എം(ഡബ്ല്യു.ആർ)16 എന്നീ നമ്പരുകളിലുള്ള ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;<br>(സി) ഇത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനിയർ സ്വീകരിച്ച നടപടികളും ഫയലിന്റെ മുഴുവൻ വിവരവും ലഭ്യമാക്കുമോ;<br>(ഡി) ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) (സി) & (ഡി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പേരശ്ശനൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം സംരക്ഷിക്കുന്നതിനായി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് RMF -ൽ ഉൾപ്പെടുത്തി സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായി ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിന്മേൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപത്തായി ചെങ്ങണം കടവിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE വഴി സമർപ്പിച്ചതിൽ ചീഫ് എഞ്ചിനിയർ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ